**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6179** **17-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. സെക്ഷനുകളുടെ പുന:ക്രമീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കെ.എസ്.ഇ.ബി. സെക്ഷനുകളിലെ ഉപഭോക്താക്കളുടെ എണ്ണവും ഉപഭോക്താക്കൾക്ക് ഈ സെക്ഷനുകളിൽ എത്തിപ്പെടാനുള്ള സൗകര്യവും മാനദണ്ഡമാക്കി സെക്ഷനുകൾ പുന:ക്രമീകരണം നടത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; അറിയിക്കാമോ? | (എ) | ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർ നിർണയിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ. എസ്. ഇ.ബി. എൽ-ൽ നടന്നു വരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കി ഭരണച്ചെലവ് കുറയ്ക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ - ന്റെ പരിഗണനയിലുണ്ട്.<br><br>പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല എന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയ ബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകി കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചു വരുന്നത്.<br><br>ഏത് ഉപഭോക്താവിനും കേരളത്തിലെ ഏതു സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാം എന്നുള്ള സൗകര്യത്തിനു പുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാ വകാശം, |

| | | | |
|---|---|---|---|
| | | | കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെട്ടു ത്തിയിട്ടുണ്ട്.<br><br>വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനു 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും, WhatsApp വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും, വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 എന്ന ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെട്ടുത്തിയിട്ടുണ്ട്.<br><br>സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ